


# ജലസ്രോതസ്സുകളുടെ ഉടമസ്ഥതയും സംരക്ഷണവും

പ്രൊഫ. പി.കെ. രവീന്ദ്രൻ

**ജലസമൃദ്ധമായ** ഒരു പ്രദേശം എന്ന ഖ്യാതിയുടെ പിൻബലത്തിൽ ജലസ്രോതസ്സുകളുടെ സംരക്ഷണത്തെ പറ്റി ചിന്തിക്കാതിരുന്ന ഒരു പ്രദേശമാണ് കേരളം. ജലസേചനത്തിനും വൈദ്യുതി ഉൽപാദനത്തിനുമായി നദികളും പുഴകളും പലയിടങ്ങളിലായി തടഞ്ഞു നിർത്തപ്പെട്ടപ്പോൾ നിരവധി പ്രദേശങ്ങളുടെ ജലസമൃദ്ധി പഴങ്കഥ മാത്രമായി. അനിയന്ത്രിതമായ വനനശീകരണവും അതിനെ തുടർന്നുള്ള മണ്ണൊലിപ്പും കുന്നുകളെയും മലകളെയും മൊട്ടപ്പാറകളാക്കി. ഒരു തുള്ളി വെള്ളം പോലും മണ്ണിലേക്കു കിനിഞ്ഞിറങ്ങാതെ കുത്തിയൊലിച്ചു പോകുന്ന കാഴ്ച മലയാളിക്ക് നിസ്സഹായനായി നോക്കി നിൽക്കേണ്ടിവരുന്ന അവസ്ഥ സംജാതമായി. ഇത് മണ്ണൊലിപ്പു വർധിപ്പിച്ചു. മണ്ണൊലിപ്പു മൂലം പുഴകളുടെ അടിത്തട്ടുയർന്നതുമൂലം മഴക്കാലത്ത് വെള്ളപ്പൊക്കം നിത്യസംഭവമായി. കാലവർഷം കഴിഞ്ഞാൽ ഏതാനും നാൾകൊണ്ട് പുഴകൾ വറ്റിവരളുന്ന അവസ്ഥയായി. ഇതിനിടെ മണലൂറ്റുകാർ പുഴകളിൽ തീർക്കുന്ന കയങ്ങൾ മൂലം പുഴയോരങ്ങളിലെ കുളങ്ങളിലും കിണറുകളിലും ജലവിതാനം തീരെ താഴ്ന്നു. കിണറിന് ആഴം കൂട്ടിയിട്ടും കുടിവെള്ളം കിട്ടാത്ത അവസ്ഥ. റിയൽ എസ്റ്റേറ്റുകാർ വെള്ളക്കെട്ടുകളും ചതുപ്പും നെൽപ്പാടങ്ങളും കുളങ്ങളും നികത്തിയെടുത്ത് വാണിജ്യ സമുച്ചയങ്ങളും പാർപ്പിടക്കോളനികളും നിർമിച്ചതോടെ ജലക്ഷാമം അതിരൂക്ഷമായി.

കുടിവെള്ള വിപണിയും ലഘുപാനീയ വ്യവസായവും ശക്തി പ്രാപിച്ചത്. ഇനിയും വറ്റിയിട്ടില്ലാത്ത ജലസ്രോതസ്സുകളിൽനിന്ന് വെള്ളമൂറ്റിയെടുത്ത് കുപ്പിയിലാക്കി സമ്പന്ന സമൂഹത്തിന് വിറ്റ് ലാഭമെടുക്കുന്ന വ്യവസായം. വളരെ പെട്ടെന്ന് വെള്ളം ഒരു കമ്പോള ചരക്കായി. നാടനും വിദേശിയുമായ കുത്തക കച്ചവടക്കാർ ജലസ്രോതസ്സുകൾ കൈവശമാക്കി. ഉപരിതല സ്രോതസ്സുകളും ഭൂഗർഭസ്രോതസ്സുകളും ഇവരുടെ കൈവശമായി.

നദികളിൽ വെള്ളമില്ല, കുളങ്ങൾ വറ്റിവരണ്ടു. കിണറുകളിൽ വെള്ളമില്ല. എത്ര താഴ്ത്തിയിട്ടും കുഴൽ കിണറുകളിലും വെള്ളമില്ല. ഒരു നാടിന്റെ കുടിനീർ മുഴുവൻ ഊറ്റിയെടുക്കാൻ കഴിയുന്ന പടുകൂറ്റൻ സംവിധാനങ്ങൾ സ്ഥാപിച്ച കുത്തകകളുടെ അധീനതയിലായി മുഴുവൻ ജലസമ്പത്തും.

ഇത്തരമൊരു സാഹചര്യമാണ് കുടിനീരൂറ്റുന്ന കുത്തകഭീമനെതിരെ പ്രക്ഷോഭം സംഘടിപ്പിക്കാൻ പ്ലാച്ചിമട നിവാസികളെ നിർബന്ധിതരാക്കിയത്. ഒരു പ്രദേശത്തെ ജലസ്രോതസ്സുകളുടെ അവകാശികൾ ആര് എന്നതാണ് അവരുയർത്തിയ കാതലായ ചോദ്യം പൊതു ജലസ്രോതസ്സുകൾ പുഴകൾ, തോടുകൾ എന്നിവയെല്ലാം തദ്ദേശഭരണസ്ഥാപനങ്ങളുടെ ഉടമസ്ഥതിയിലാണ്. അവയിൽ സാമൂഹികനിയന്ത്രണം കൊണ്ടുവരാവുന്നതാണ്. അതോടൊപ്പം ഉയരുന്ന മറ്റൊരു ചോദ്യമുണ്ട്. ഭൂവുടമസ്ഥതയോടൊപ്പം ആ ഭൂമിയിലെ ജലസ്രോതസ്സുകളുടെ ഉടമസ്ഥതയും ലഭ്യമാകുമോ എന്നതാണത്. മറ്റൊരു തരത്തിൽ പറഞ്ഞാൽ ഒരു വ്യക്തിക്ക് തന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിലെ ജലസ്രോതസ്സുകളിലുള്ള അവകാശം എത്ര മാത്രമാണ്? വളരെ ആഴത്തിൽ ഒരു കിണർ കുഴിച്ച് അഥവാ കുഴൽ കിണർ കുഴിച്ച് വെള്ളം ഊറ്റിയെടുക്കാനും വിൽപന നടത്താനും അയാൾക്കവകാശമുണ്ടോ? ഒരു പുരയിടത്തിലുള്ള ജലാശയത്തിലെ ജലത്തിന്മേൽ പുരയിടത്തിന്റെ ഉടമസ്ഥനുള്ള അവകാശം അന്തിമമാണോ? ഇത്തരം നിരവധി ചോദ്യങ്ങൾ ഇതിനെ തുടർന്നുണ്ടാകുന്നു.

ഈ ചോദ്യങ്ങൾക്കുത്തരം കണ്ടെത്തേണ്ടത് സാമൂഹിക ആവശ്യമാണ്. ഏതു പ്രദേശത്തും ഭൂമിശാസ്ത്രപരമായ സവിശേഷതകളാൽ നീർച്ചാലുകളും നീരുറവകളും ഏതാനും ജലാശയങ്ങളെ സമ്പന്നമാക്കും. ഭൂഗർഭജലവും ചിലയിടങ്ങളിൽ കേന്ദ്രീകരിച്ചെന്നിരിക്കും. ഈ ജലസമ്പത്തിന്റെ ഉടമസ്ഥത സമൂഹത്തിനായിരിക്കണം. ഇതിന്റെ ഉപയോഗവും സാമൂഹിക നിയന്ത്രണത്തിലായിരിക്കണം. ഏതു സംവിധാനമാണ് സമൂഹത്തിനുവേണ്ടി ഇത്തരം നിയന്ത്രണങ്ങൾ ഏറ്റെടുത്തുകൊണ്ട് ജലസമ്പത്തിന്റെ സാമൂഹിക സൂക്ഷിപ്പുകാരനാവുക. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഈ ചുമതല ഏൽപ്പിക്കാമോ? ഇന്നത്തെ അവസ്ഥയിൽ അവർക്കതിനുള്ള ശേഷി ഇല്ലെങ്കിൽ ആ ശേഷി എങ്ങനെയുണ്ടാക്കാം. ഇതു സാദ്ധ്യമല്ലെങ്കിൽ ജനകീയ ഉടമസ്ഥത സാധിതമാക്കുന്നതിനുള്ള മറ്റു സംവിധാനങ്ങളെന്തൊക്കെയാണ്. ആവശ്യങ്ങളും അവയുടെ മുൻഗണനകളും തിരിച്ചറിഞ്ഞ് നീതിപൂർവ്വകമായ ഉപഭോഗം ഉറപ്പാക്കുകയും വരുംതലമുറകൾക്കുവേണ്ടി കേടുകൂടാതെ ജലസമ്പത്ത് സംരക്ഷിക്കുകയും ചെയ്യുന്നതിനുള്ള ഒരു സംരക്ഷകസംവിധാനം തദ്ദേശീയ തലത്തിൽ തന്നെ രൂപപ്പെടുത്തിയെടുക്കേണ്ടതുണ്ട്. ജലം ഒരു വിൽപനചരക്കല്ല എക്കാലത്തേക്കും വേണ്ടി സംരക്ഷിക്കേണ്ട സാമൂഹിക ആസ്തിയാണ് എന്ന തിരിച്ചറിവായിരിക്കണം ഇതിന്റെ അടിസ്ഥാനം.

*തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം*